പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1433 — 02.07.2015-ലെ മറുപടിക്ക്

ക്ഷീരകർഷകർക്കുള്ള പെൻഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ: സി. ദിവാകരൻ: | | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരകർഷകർക്ക് എന്നു മുതലാണ് പെൻഷൻ അനുവദിച്ചത്; | (എ) | ജനുവരി 2006 മുതലാണ് ക്ഷീരകർഷകർക്ക് പെൻഷൻ അനുവദിച്ചത്. |
| (ബി) | എത്ര രൂപയായിരുന്നു പെൻഷൻ; ഇപ്പോൾ എത്ര രൂപയാണ്; | (ബി) | കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും ക്ഷീരകർഷകർക്ക് 2006-ൽ 250/- രൂപ പെൻഷൻ നല്കി വരുകയും തുടർന്ന് 2009 ആഗസ്റ്റ് മുതൽ 300/- രൂപയാക്കി വർദ്ധിപ്പിക്കുകയും വീണ്ടും ഏപ്രിൽ 2013 മുതൽ 500/- രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | എത്ര പേർക്ക് ഈ പദ്ധതിയിലൂടെ പെൻഷൻ നല്കുന്നുണ്ട്; ഏത് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ?. | (സി) | 54,294 പേർക്ക് ഈ പദ്ധതിയിലൂടെ പെൻഷൻ നല്കുന്നുണ്ട്.മെയ് 2015 വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ